


# മരുഭൂമിയിലെ മനനം

ബ്ര. ജസ്റ്റിൻ കാരിക്കത്തറ MCBS Vol. 11, Issue: 42

**അ**നുഗ്രഹപ്രദമായ വലിയ നോമ്പിലേയ്ക്ക് തിരുസഭാ മാതാവിന്റെ വിരൽത്തുമ്പ് പിടിച്ച് നാം പ്രവേശിക്കുകയാണ്. ഉപവാസത്തിന്റെയും പശ്ചാത്താപത്തിന്റെയും പരിത്യാഗത്തിന്റെയും ഈ നോമ്പുകാലത്തിൽ പുണ്യവഴികളിലൂടെയും നന്മപ്രവർത്തികളിലൂടെയും ചരിച്ച് ഈശോയുടെ ജീവിതം കൂടുതൽ അടുത്ത് ധ്യാനിക്കാൻ തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നു.

നോമ്പുകാലത്തിന്റെ ആദ്യ ഞായറാഴ്ചയായ ഇന്നത്തെ വചനഭാഗങ്ങളിലൂടെ നമുക്ക് കണ്ടെത്താൻ സാധിക്കുന്നത് നോമ്പും നോമ്പിന്റെ പ്രസക്തിയും എന്താണെന്നാണ്. ഒന്നാം വായനയിൽ നാൽപതു രാവും നാൽപതു പകലും ദൈവത്തോടൊപ്പം വസിച്ച് ഇസ്രായേൽ ജനത്തെ നയിക്കാനുള്ള കൽപനകളുമായി ഇറങ്ങിവരുന്ന മോശയെ കണ്ടുമുട്ടുന്നു. ഏശയ്യാ പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നത്, മറ്റുള്ളവരുടെ വേദനകളിലേയ്ക്കും ബുദ്ധിമുട്ടുകളിലേയ്ക്കും ഇറങ്ങിച്ചെല്ലുന്നതിലൂടെയും അവയ്ക്ക് പരിഹാരം ചെയ്യുന്നതിലൂടെയും മാത്രമേ നമ്മുടെ ഉപവാസം പൂർണ്ണമാകൂ എന്നാണ്. ലേഖനഭാഗത്ത് വി. പൗലോസ് ശ്ലീഹാ നമ്മോട് ആവശ്യപ്പെടുന്നത്, ഉപവാസത്തിലൂടെ നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ സ്വീകരിക്കാനാണ്.

ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്നത്, യേശു തന്റെ പരസ്യജീവിതത്തിനു മുന്നോടിയായി നാൽപതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചതും തുടർന്ന് അവിടുന്ന് നേരിട്ട പരീക്ഷണങ്ങളുമാണ്. അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേയ്ക്ക് നയിച്ചുവെന്നും അവിടെ യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചുവെന്നും സുവിശേഷകൻ ഓർമ്മിപ്പിക്കുമ്പോൾ യേശു ഒരു മനനത്തിലേയ്ക്ക് പ്രവേശിച്ചുവെന്ന് ചിന്തിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിനാൽ തന്നെ എന്താണ് 'മനനം' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് വിലയിരുത്തുന്നത് നല്ലതാണെന്നു തോന്നുന്നു.

മനനം എന്ന വാക്ക് വെറുതെ നിശബ്ദമാകുക എന്നല്ല. മറിച്ച്, മനനം ഒരു കണ്ണാടിയാണ്. സ്വയം കണ്ടെത്താനും തിരുത്തുവാനുമുള്ള കണ്ണാടി. മനനത്തിലാണ് ഏറ്റവും അർത്ഥവത്തായ ശബ്ദങ്ങൾ നാം കേൾക്കുന്നത്. നമ്മുടെ ഉള്ളിലുള്ള ദൈവസാന്നിധ്യത്തിന് കാതോർക്കുന്നതാണിത്. മരുഭൂമിയിലെ ഉപവാസത്തിലൂടെ ഈ മനനം സ്വന്തമാക്കുന്ന ഈശോയെയാണ് സുവിശേഷത്തിൽ നാം കണ്ടെത്തുന്നത്. തന്റെ പരസ്യജീവിതത്തിനു മുമ്പുള്ള മുപ്പതു വർഷക്കാലം ഈ ലോകത്തിൽ ജീവിച്ച ആ തച്ചന്

മൗനം സമ്മാനിച്ചത് തന്റെ ജീവിതനിയോഗത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ച്ചപ്പാടുകൾ ആണ്. മരുഭൂമിയിലെ നാൽപതു ദിനരാത്രങ്ങളുടെ മൗനത്തിലൂടെ യേശു നേടിയെടുത്തത് തന്റെ പിതാവുമായുള്ള ആഴമായ സ്നേഹബന്ധമാണ്. ഈ ആഴമായ സ്നേഹബന്ധത്തിലെത്തിയതുകൊണ്ടാണ് പ്രലോഭകന്റെ അപ്പം യേശുവിന് രുചി പകരാഞ്ഞത്. ഈ ആഴമായ സ്നേഹബന്ധത്തിൽ എത്തിയതുകൊണ്ടാണ് പ്രലോഭകന്റെ മുമ്പിൽ തന്റെ ശക്തി തെളിയിക്കേണ്ടത് ആവശ്യമാകാഞ്ഞത്. ഈ ആഴമായ സ്നേഹബന്ധത്തിലെത്തിയ യേശുവിന് പ്രലോഭകൻ വച്ചുനീട്ടിയ സുഖസൗകര്യങ്ങൾ ആസ്വാദനീയമായിരുന്നില്ല.

മനനത്തിലൂടെ തങ്ങളുടെ ജീവിതനിയോഗം തിരിച്ചറിഞ്ഞവർ വേറെയുമുണ്ട്. മാനസാന്തരപ്പെടുവിൻ; ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് വിളിച്ചുപറയുവാനും ജീവൻ നഷ്ടപ്പെടുംവരെ സത്യത്തിന് നിലകൊള്ളുവാനുമുള്ള ധൈര്യമാണ് മരുഭൂമിയിലെ മനനം സ്നാപകയോഹന്നാന് സമ്മാനിച്ചത്. തന്റെ വേദനകളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് അവസാനം വരെയും തന്റെ പുത്രനെ അനുഗമിക്കാനും കുരിശിൻചുവട്ടിൽ മകനോടൊപ്പം സഹരക്ഷകയാകാനും മനനം ഒരമ്മയെ ഒരുക്കിയപ്പോൾ, ആ പിതാവാകട്ടെ തന്റെ ജീവിതത്തിലുണ്ടായ പ്രതിസന്ധികളിലെല്ലാം ദൈവത്തിൽ നിന്നും തന്റെ മനനത്തിലൂടെ ഉത്തരം തേടി സങ്കടപ്പെടുന്നവർക്കുള്ള സുവിശേഷമാവുകയാണ്. ഇവളാകട്ടെ, നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു; അത് ഇവളിൽ നിന്ന് എടുക്കപ്പെടുകയില്ലായെന്നു പറഞ്ഞുകൊണ്ട് തന്റെ പാദാന്തികത്തിൽ മൗനിയായിരുന്ന സ്ത്രീയെ ഈശോ മാതൃകയായി നൽകുമ്പോൾ ഈ മനനമാണ് സ്നേഹമെന്ന് അവിടുന്ന് എടുത്തുകാട്ടുന്നു.

ഈ നോമ്പുകാലത്തിൽ നമ്മുടെ അനുദിന സാഹചര്യങ്ങളിലേയ്ക്ക് കടന്നുവരുമ്പോൾ ഈ മനനം നമ്മെ ഓർമ്മിപ്പിക്കുന്നത് ഏതാനും വെല്ലുവിളികളാണ്. ഒന്നാമതായി, മനനം എന്ന കണ്ണാടിയിലൂടെ നമ്മെത്തന്നെ കണ്ടെത്താനും തിരുത്താനുമുള്ള വെല്ലുവിളി, നമ്മെത്തന്നെ സ്വയം വിലയിരുത്തി നമ്മിലെ കുറവുകളെ കണ്ടെത്തി പൂർണ്ണ മനസ്താപത്തോടെ ഒരു നല്ല കുമ്പസാരം നടത്താനായാൽ ഈ നോമ്പുകാലം ഫലപ്രദമാകും. രണ്ടാമതായി, ആൾക്കൂട്ടങ്ങളുടെ ബഹളങ്ങളിൽ നിന്നുമാറി ശാന്തതയെ പുൽകാനും ശാന്തതയിൽ നമ്മുടെ ഉള്ളിലെ ദൈവസ്വരത്തിന് കാതോർത്തുകൊണ്ട് ഓരോ നിമിഷവും പ്രാർത്ഥനകളാക്കാനുമുള്ള വെല്ലുവിളിയാണ്. മൂന്നാമതായി, കേൾവിയുടെ ഈ ആരവങ്ങൾക്കിടയിൽ നിശബ്ദമായി മറ്റുള്ളവരുടെ വാക്കുകൾ കേൾക്കുവാനുള്ള വെല്ലുവിളിയാണ്.

കേൾക്കപ്പെടാതെ പോകുന്നുവെന്നത് എന്തൊരു ദുരന്തമാണ്. ഒരാളെ കേൾക്കാതിരിക്കുകയാണ് അയാളെ തകർക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

ഓർമ്മയിൽ വരുന്നത് ഒരു വികാരിയച്ചൻ വേദനയോടെ പങ്കുവച്ച അനുഭവമാണ്. അത്യാവശ്യമായി ഒരു യാത്രയ്ക്കിറങ്ങിയപ്പോൾ എനിക്ക് അച്ചനോട് സംസാരിക്കണമെന്നു പറഞ്ഞ് ഒരു ചെറുപ്പക്കാരനെത്തി. വൈകുന്നേരമാകട്ടെ എന്നുപറഞ്ഞ് അച്ചൻ അവനെ തിരികെ അയച്ചു. വൈകുന്നേരം അച്ചൻ അറിയുന്നത് അവൻ സ്വയം ജീവനൊടുക്കി എന്ന ദുഃഖവാർത്തയാണ്. തന്റെ സാഹചര്യം മൂലം ചെയ്തുപോയ അവഗണനയിൽ അച്ചൻ ഇന്നും വേദനിക്കുന്നു.

ഈ ആവശ്യം എല്ലാവരിലും ശക്തമാണ്. കേൾക്കപ്പെടുന്നില്ലായെന്നതാണ് അനേകരുടെ വലിയ സങ്കടങ്ങളിലൊന്ന്. നമ്മുടെ അനുദിന ജീവിതങ്ങളിൽ എത്രയോ പേരെയാണ് അവഗണിക്കാറുള്ളത്. എന്തെങ്കിലും പറഞ്ഞുതുടങ്ങുമ്പോൾ തന്നെ എനിക്ക് മനസ്സിലായെന്നു പറഞ്ഞ് പലപ്പോഴും നമ്മൾ അവരുടെ വേദനയുടെ ആഴം കൂട്ടുന്നവർ മാത്രമാകുന്നു. പ്രശ്നങ്ങൾക്കുള്ള പരിഹാരമായിരിക്കില്ല മറിച്ച്, നമ്മുടെ സാന്നിദ്ധ്യമായിരിക്കും അവർ തിരയുന്നതെന്നുപോലും തിരിച്ചറിയുവാനുള്ള വിവേകമില്ലാത്തവരായി നമ്മൾ പലപ്പോഴും മാറുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ ജീവിതപങ്കാളിയെ, മക്കളെ, മാതാപിതാക്കളെ, സഹോദരങ്ങളെ കേൾക്കാനായാൽ അവരുടെ വേദനകൾക്ക് ആശ്വാസമാകാനായാൽ നമ്മുടെ ഈ നോമ്പുകാലം ഫലപ്രദമാകും. അതെ, ഈ നോമ്പുകാലവും നമ്മോട് ആവശ്യപ്പെടുന്നതും ഇതു തന്നെയാണ്. ദൈവത്തിന്റെ സ്വരം ശ്രവിക്കാനും നമ്മുടെ കുറവുകളെ കണ്ടെത്തി തിരുത്തുവാനും സഹോദരങ്ങളെ ശ്രവിക്കുവാനും. ഇതിനുള്ള കൃപാവരത്തിനായി തുടർന്നുള്ള ദിവ്യബലിയിൽ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.